കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല
അക്കാദമിക്സ് & റിസർച്ച് ഡയറക്ടറുടെ കാര്യാലയം,
പൂക്കോട്, ലക്കിടി. പി.ഒ., വയനാട് – 673 576
ഇ മെയിൽ : dar@kvasu.ac.in, officedar@kvasu.ac.in, ഫോൺ : 04936 209260, 209269, 209270

Approved by Prof. (Dr.) C. Latha (DIRECTOR (ACADEMICS & RESEARCH)) on November 21, 2025 12:17 PM IST
(The document is digitally approved and does not require any Seal or Signature in original)

No. KVASU/DAR/B1/3025/2025(8) Date: 21/11/2025

<u>വിജ്ഞാപനം</u>

സർവ്വകലാശാലയുടെ പൂക്കോട്, കോലാഹലമേട്, തിരുവനന്തപുരം ക്യാമ്പസ്സുകളിലെ ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജുകളിലും മണ്ണുത്തി ക്യാമ്പസ്സിലെ വർഗീസ് കുരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിലും നടത്തി വരുന്ന ബി. ടെക് ഡയറി/ഫുഡ് ടെക്നോളജി കോഴ്സിൽ താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| S. No. | Category | VKIDFT, Mannuthy | | CDST,Pookode | CDST, Kolahalamedu | CDST, Trivandrum | Total |
|---|---|---|---|---|---|---|---|
| | | Dairy | Food | | | | |
| 1. | State Merit (SM) | 5 | 1 | 2 | 5 | | 13 |
| 2. | EZHAVA(EZ) | | | | 2 | 1 | 3 |
| 3. | Muslim (MU) | | | 1 | 1 | | 2 |
| 4. | SC | | | 1 | | | 1 |
| | Total | **5** | **1** | **4** | **8** | **1** | **19** |

ഈ ഒഴിവുകൾ നികത്തുന്നതിനായി 27.11.2025 തീയതിയിൽ രാവിലെ 10.30 മണിയ്ക്ക് പൂക്കോട് ക്യാമ്പസ്സിലെ സർവകലാശാല ആസ്ഥാനത്ത് വെച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾ KEAM 2025 അപേക്ഷയോടൊപ്പം സമർപ്പിച്ച താഴെ പറയുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം അന്നേദിവസം ഹാജരാകേണ്ടതാണ്. നിലവിൽ ഏതെങ്കിലും കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ, അവരുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ ഇല്ലാത്തപക്ഷം, നിലവിൽ പ്രവേശനം നേടിയിരിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകിയ എൻ.ഒ.സി (No Objection Certificate) യും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകിയ മുൻ അലോട്ട്മെന്റുകൾ പ്രകാരം ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകൾക്ക് നിലവിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ എൻ. ഓ.സി ഹാജരാക്കണമെന്നത് നിർബന്ധമില്ല.

1. ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്/ എസ്.എസ്.എൽ.സി.
2. ഹയർസെക്കണ്ടറി സർട്ടിഫിക്കറ്റ്
3. Transfer Certificate
4. Conduct Certificate

5. Migration Certificate
6. ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (Community Certificate/ Non Creamy Layer)
7. KEAM 2025 DATA SHEET
8. Allotment letter, if applicable.

സ്പോട്ട് അഡ്മിഷനായി നിശ്ചയിക്കപ്പെട്ട ദിവസം രാവിലെ 10.30 മണിയ്ക്ക് മുൻപായി ഹാജരാകുന്ന വിദ്യാർത്ഥികളുടെ റാങ്ക്, കാറ്റഗറി യോഗ്യത, പ്രോസ്പെക്ടസ് വ്യവസ്ഥകൾ, ലഭ്യമായ ഒഴിവുകൾ എന്നിവക്കനുസൃതമായാകും പ്രവേശനം നടത്തുക. കൂടാതെ ഈ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം നിലവിൽ വരുന്ന ഒഴിവുകളും സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്നതാണ്.

**Prof. (Dr.) C. Latha**
**DIRECTOR (ACADEMICS & RESEARCH)**

Approved by Prof. (Dr.) C. Latha (DIRECTOR (ACADEMICS & RESEARCH)) on November 21, 2025 12:17 PM IST
(The document is digitally approved and does not require any Seal or Signature in original)